# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *317 12.12.2018-ൽ മറുപടിക്ക്

### ശബരിമലയിൽ പോലീസിന്റെ അമിത നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.പി.സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസിന്റെ അമിത നിയന്ത്രണം കാരണം ശബരിമലയിൽ ഭക്തർക്ക് ദർശനം നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) അത്തരമൊരു സാഹചര്യം ഇല്ല. |
| (ബി) മത സൗഹാർദ്ദത്തിന്റെ പ്രതീകമായ ശബരിമലയിലെ വാവർ നട മുതൽ വടക്കേനട വരെ പോലീസ് ഇരുമ്പ് ബാരിക്കേഡുകൾ സ്ഥാപിച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; ഇതുകാരണം വാവർ നടയിൽ ദർശനം നടത്താൻ ഭക്തർക്ക് സാധിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അതീവ സുരക്ഷാ മേഖലയായ ശബരിമലയിൽ ബഹു. സുപ്രീംകോടതിയുടെ ശബരിമലയിലെ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിനെത്തുടർന്ന് ചില സംഘടനകളും വ്യക്തികളും സന്നിധാനത്ത് ആചാര ലംഘനത്തിനെതിരെ എന്ന വ്യാജേന നടത്തിയ അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി മുൻകരുതൽ എന്ന നിലയിലാണ് ബാരിക്കേഡുകൾ സ്ഥാപിച്ചിരുന്നത്. എന്നാൽ ചില മാധ്യമങ്ങൾ അത്തരം വാർത്തകൾ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(സി) പതിനെട്ടാം പടിക്ക് സമീപമുള്ള അപ്പം-അരവണ കൗണ്ടറിലേക്കുള്ള വഴി ബാരിക്കേഡുകൾ വച്ച് അടച്ചത് കാരണം പ്രസാദം പോലും വാങ്ങാനാവാതെ നിരവധി ഭക്തർ മടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ക്രമസമാധാനപാലനത്തിന്റെ പേരിൽ ശബരിമലയിലെ ആചാര അനുഷ്ഠാനങ്ങളെയും ഇന്ത്യൻ ഭരണഘടന ഓരോ വ്യക്തിക്കും നൽകുന്ന മത സ്വാതന്ത്ര്യത്തെയും പോലീസ് നിഷേധിക്കുന്നത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ?

(ഡി) ക്രമസമാധാനത്തിന്റെ പേരിൽ ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തന്മാരുടെ ആചാരാനുഷ്ഠാനങ്ങൾക്കോ ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യത്തിനോ ഭംഗം വരുത്തുന്ന പ്രവർത്തനങ്ങൾ പോലീസ് നടത്തിയിട്ടില്ല. ശബരിമല സന്നിധാനത്ത് ആചാര ലംഘനത്തിനെതിരെ ഭക്തർ എന്ന വ്യാജേന നടത്തുന്ന സമര പരിപാടികളും, ആക്രമണങ്ങളും നിയന്ത്രിക്കുന്നതിനും, വിശ്വാസികൾക്ക് സംരക്ഷണം നൽകുന്നതിനും മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**